"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം- **GE-DA2/182/2025-G.EDN**
പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: **19-05-2026**

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ്-അച്ചടക്കനടപടി-സർക്കാരിൽ ലഭ്യമാക്കുന്ന ശുപാർശകളോടൊപ്പം സർവീസ് വിവരങ്ങൾ നിർബന്ധമായും ഉള്ളടക്കം ചെയ്യുന്നത്-സംബന്ധിച്ച്

സൂചന:- **14.06.90- ലെ 13266/ Adv.C2/89/P&ARD**

*********************

സർക്കാർ മുമ്പാകെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ ലഭ്യമാക്കുന്ന ശുപാർശകളോടൊപ്പം കുറ്റാരോപിതരുടെ സർവീസ് വിവരങ്ങൾ ലഭ്യമാക്കാതിരിക്കുന്നത് കാരണം സമയബന്ധിതമായി അച്ചടക്കനടപടി ആരംഭിയ്ക്കാനാകാത്ത സ്ഥിതി നിലവിലുണ്ട്. ചില കേസുകളിൽ ഇത്തരം കാലതാമസംമൂലം എല്ലാ പെൻഷണറി ആനുകൂല്യങ്ങളും കൈപ്പറ്റി കുറ്റാരോപിതർ സർവീസിൽ നിന്നും വിരമിക്കുന്നതിന് ഇടയാകുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം ഗൗരവമായി കാണുന്നു. ആയതിനാൽ ഭാവിയിൽ സർക്കാർ മുമ്പാകെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി ലഭ്യമാക്കുന്ന ശുപാർശകളോടൊപ്പം സൂചന പ്രകാരമുള്ള സർവീസ് വിവരങ്ങൾ, കുറ്റാരോപിതർ റിട്ടയർ ചെയ്തിട്ടുള്ള പക്ഷം സർവീസ് അനുകൂല്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച് വിശദമായ വിവരങ്ങൾ, മുൻ അച്ചടക്ക നടപടി സംബന്ധിച്ച വിവരങ്ങൾ എന്നിവ നിർബന്ധമായി ഉള്ളടക്കം ചെയ്യേണ്ടതാണെന്ന് എല്ലാ വകുപ്പു തലവന്മാർക്കും വിദ്യാഭ്യാസ

അധികാരികൾക്കും കർശന നിർദ്ദേശം നല്കുന്നു.

ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 20-05-2026 10:33:54
സെക്ഷൻ ഓഫീസർ.

പകർപ്പ്

- പൊതുവിദ്യാഭ്യാസ ഡയറക്ടർ
- ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
- ഡയറക്ടർ, വി.എച്ച്.എസ്.ഇ വിഭാഗം
- എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
- എല്ലാ ആർ.ഡി.ഡി മാർക്കും
- വെബ്/ന്യു മീഡിയ
- ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ